(ബി) അപൂർവ്വ സാഹചര്യങ്ങളിൽ ചില എഫ്. സി. ഐ. ഡിപ്പോകളിൽ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ തികയാതെ വരാറുണ്ട്. അപ്പോൾ ആ ഡിപ്പോയുമായി ബന്ധപ്പെട്ടിട്ടുള്ള റേഷൻ മൊത്ത വ്യാപാരികളെക്കൊണ്ട് ഏറ്റവും അടുത്തുള്ള എഫ്. സി. ഐ. ഡിപ്പോയിൽനിന്നും സ്റ്റോക്കെടുപ്പിച്ച് റേഷൻ വിതരണം മുടക്കം കൂടാതെ നിലനിറുത്തിയിട്ടുണ്ട്.

(സി) റേഷൻ വിതരണം മുടങ്ങിയിട്ടില്ല.

ആംഡ് (Armed) പോലീസ് നിർവഹിക്കേണ്ട ജോലികൾ

* 64 [68] ശ്രീ. കെ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് (Armed) പോലീസിന് ദൈനംദിനം നിർവഹിക്കേണ്ട വല്ല ജോലികളും നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എറണാകുളത്ത് ട്രാഫിക് സഹായത്തിന് ആംഡ് (Armed) പോലീസിനെ നിയോഗിച്ചിട്ടുണ്ടോ ;

(സി) അടുത്തകാലത്ത് ജഗനാഥ ടെമ്പിൾ ഗേയിററിൽ ദുരന്തം നടന്ന രാത്രിയിൽ ആംഡ് പോലീസിനെ ഡ്യൂഡിക്ക് ഇട്ടിരുന്നുവോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല. ലോക്കൽ പോലീസിനെയും ആംഡ് റിസർവിനേയും ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നു. എന്നാൽ ദുരന്തത്തിൽ മരിച്ച 27 ആളുകളുടെ മൃദേഹങ്ങൾ തലശ്ശേരി ആശുപത്രിയിൽ കൊണ്ടു വന്നപ്പോൾ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ കെ. എ. പി. നാലാം ബറാലിയന്റെ ഒരു കമ്പനിയെ ആശുപത്രി പരിസരത്ത് നിയോഗിക്കുകയുണ്ടായി.

പോലീസ് ചാർജ് ചെയ്ത് ശിക്ഷിക്കപ്പെടാതെപോയ കൊലപാതകക്കേസ്സുകൾ

* 65. [69] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പോലീസ് ചാർജ് ചെയ്ത് ശിക്ഷിക്കപ്പെടാതെ പോയ എത്ര കൊലപാതക കേസുകളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ;

(ബി) കുറ്റം തെളിയിക്കുന്നതിൽ പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നുമുണ്ടായ തകരാറുകളെക്കുറിച്ച് കോടതി പരാമർശിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) കോട്ടയം, എറണാകുളം ജില്ലകളിൽ ഒഴിച്ച് 533.

(ബി) അപൂർവം ചില കേസ്സുകളിൽ ചില പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് എതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly